**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **29-09-2025 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ പഠന ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ വി കെ പ്രശാന്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമിൽ തൊഴിൽ രംഗത്തേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനനുസൃതമായും ഗവേഷണ രംഗത്തേക്ക് പോകാൻ ആഗ്രഹിക്കുന്നവർക്ക് അതിനനുസൃതമായും തങ്ങളുടെ ബിരുദ പഠനം ക്രമീകരിക്കാൻ അവസരമുണ്ടോ; വിശദാംശം നൽകാമോ; | (എ) | വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനും ഉന്നത പഠന-ഗവേഷണ മേഖലകളിൽ പ്രവേശിക്കുന്നതിനും അനുയോജ്യമായ വിവിധ പഠനപാതകൾ ഒരുക്കുന്ന തരത്തിലാണ് നാലുവർഷ ബിരുദ പദ്ധതി (FYUGP) രൂപകൽപ്പന ചെയ്തിരിക്കുന്നത്.<br><br>ബിരുദ പഠനം പൂർത്തിയാക്കിയ ഉടനെ തന്നെ ജോലി തേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് തങ്ങളുടെ ബിരുദ പഠനത്തിന്റെ ഭാഗമായ മൈനർ വിഷയങ്ങൾ തൊഴിൽ ആഭിമുഖ്യമുള്ള (vocational) പ്രോഗ്രാമുകളിൽ നിന്ന് തിരഞ്ഞെടുക്കാവുന്നതാണ്. തൊഴിൽ ആഭിമുഖ്യമുള്ള മൈനർ വിഷയങ്ങൾ, കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (CSDCCP) മുഖേന ഷോർട്ട്-ടേം സ്കിൽ ട്രെയിനിങ് കോഴ്സുകൾ ആയി ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനായി കേരള സർക്കാർ ASAP Kerala, ICT അക്കാദമി, Keltron, CCEK, C-Apt, LBS, IHRD, Rutronix തുടങ്ങിയ പ്രമുഖ സർക്കാർ ഏജൻസികളെ തൊഴിൽ പരിശീലന പ്രോഗ്രാമുകൾ നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>അതേ സമയം, ഉന്നത പഠനത്തിലും ഗവേഷണത്തിലും പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് മികച്ച അവസരങ്ങളും FYUGP ഒരുക്കുന്നു. നാലാം വർഷത്തിൽ, വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ്/പ്രോജക്റ്റ് അടങ്ങിയ ഓണേഴ്സ് പ്രോഗ്രാം തെരഞ്ഞെടുക്കാൻ കഴിയും. ഇത് അവർക്ക് പ്രൊഫഷണൽ അനുഭവം നേടുന്നതിനും യാഥാർത്ഥ്യ ലോകത്തിലെ വെല്ലുവിളികളുമായി നേരിട്ട് |

| | | | |
|---|---|---|---|
| | | | പരിചയപ്പെടുന്നതിനും സഹായിക്കുന്നു. ഓണേഴ്സ് വിത്ത് റിസർച്ച് തിരഞ്ഞെടുക്കുന്നവർക്ക് ഗവേഷണ രീതികളിൽ പരിശീലനവും പ്രായോഗിക ഗവേഷണാനുഭവവും നൽകുന്നു. ഇതുവഴി വിദ്യാർത്ഥികൾക്ക് പോസ്റ്റ്-ഗ്രാജ്വേറ്റ് പഠനം, നേരിട്ട് ഗവേഷണ പഠനം നടത്താനുള്ള അവസരം, വൈവിധ്യമാർന്ന ഗവേഷണ മേഖലകൾ, മറ്റ് പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം തുടങ്ങിയ അവസരങ്ങൾ ഉറപ്പാക്കാൻ സഹായിക്കുന്നു. |
| (ബി) | നാലുവർഷ പ്രോഗ്രാമിൽ അവസാന വർഷത്തെ പ്രോജക്ട്/ഇന്റേൺഷിപ്പ് എങ്ങനെയാണ് വ്യവസായ മേഖലയുമായി ബന്ധപ്പെടുത്തി ചെയ്യാൻ സാധിക്കുക എന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാന ബി.വോക് (BVoc) പ്രോഗ്രാമുകളുടെ കരിക്കുലവും നാല് വർഷ ബിരുദപദ്ധതിയുടെ (FYUGP) കരിക്കുലവും തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനായി വ്യവസായവുമായി നേരിട്ട് ബന്ധിപ്പിച്ചുള്ള പഠന-പരിശീലന ഘടകങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ബി.വോക് പ്രോഗ്രാമുകളുടെ നാലാം വർഷം, വ്യാവസായിക പരിശീലന പഠനം (Industry-Embedded) വഴിയോ അല്ലെങ്കിൽ/അപ്രന്റീസ് അധിഷ്ഠിത പരിശീലനം (Apprenticeship-Embedded) വഴിയോ പൂർത്തീകരിക്കാൻ സാധിക്കുന്ന വിധത്തിൽ ആണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിൽ പഠിച്ചതിനെ നേരിട്ട് വ്യവസായ മേഖലയിൽ പ്രയോഗിക്കാനും, ജോലി സ്ഥലത്തിന്റെ പ്രവർത്തനരീതികളും സംസ്കാരവും മനസ്സിലാക്കാനും, തൊഴിൽ വിപണിയിൽ ആവശ്യമായ പ്രായോഗിക കഴിവുകൾ കൈവരിക്കാനും സാധിക്കും.<br><br>അതുപോലെ, FYUGP യിലെ നാലാം വർഷ ഓണേഴ്സ് പ്രോഗ്രാമിൽ വ്യവസായ പ്രോജക്ട് അല്ലെങ്കിൽ ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി വിദ്യാർത്ഥികൾക്ക് കമ്പനികളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രൊഫഷണൽ സംഘടനകളിലും പ്രവർത്തിച്ച് യാഥാർത്ഥ്യ ലോക പ്രശ്നങ്ങൾ പരിഹരിക്കാനും വിലപ്പെട്ട പ്രവൃത്തിപരിചയം നേടാനും കഴിയും. അക്കാദമിക് പഠനവും വ്യവസായത്തിൽ നിന്നുള്ള പ്രായോഗിക പരിചയവും സമന്വയിപ്പിക്കുന്ന ഈ മാതൃക, വിദ്യാർത്ഥികളെ സിദ്ധാന്തത്തിൽ മാത്രമല്ല, പ്രായോഗികമായി പ്രവർത്തിക്കാൻ കഴിവുള്ളവരായി മാറ്റുന്നു. തൊഴിൽ മേഖലയിൽ മത്സരാധിഷ്ഠിതമായ graduates-നെ സൃഷ്ടിക്കാനും സംരംഭകത്വ അവസരങ്ങൾ തുറക്കാനും ഇത് സഹായിക്കുന്നു. |
| (സി) | നാലുവർഷ ബിരുദ പ്രോഗ്രാമിന് ശേഷം പി. ജി. പഠനം നടത്താതെ തന്നെ പി. എച്ച്. ഡി. ഗവേഷണ | (സി) | നാലുവർഷ ബിരുദ പദ്ധതി (FYUGP) കുറഞ്ഞത് 75% മാർക്ക് സഹിതം ഓണേഴ്സ് പ്രോഗ്രാം |

| | | | |
|---|---|---|---|
| | മേഖലയിലേക്ക് പ്രവേശിക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | | വിജയകരമായി പൂർത്തിയാക്കിയാൽ, നേരിട്ട് ഗവേഷണ പരിപാടികളിലേക്കും/പി.എച്ച്.ഡി പ്രോഗ്രാമുകളിലേക്കും പ്രവേശനം നേടാൻ അർഹതയുണ്ട്. ഈ സംവിധാനം ബിരുദ പഠനത്തിൽ നിന്ന് ഗവേഷണത്തിലേക്കുള്ള ഒരു സുഗമമായ അക്കാദമിക് പാത ഒരുക്കുന്നതിനൊപ്പം, ഗവേഷണ താൽപര്യമുള്ള മികച്ച കഴിവുള്ള വിദ്യാർത്ഥികൾക്ക് വളരെ വേഗം ഉയർന്ന പഠനത്തിലേക്ക് കടക്കാനുള്ള അവസരം നൽകുന്നു. |

സെക്ഷൻ ഓഫീസർ